ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അത് ഒരു ഓൺ ഗോയിംഗ് സ്കീമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അത് അങ്ങേയ്ക്ക് അറിയാമല്ലോ. അവിടത്തെ രൂക്ഷമായ എതിർപ്പും പിന്നെ പോലീസ് സഹായത്തോടുകൂടിയൊക്കെ ചെയ്യേണ്ടിവരുന്നത് തടയാൻവേണ്ടിയാണ് അങ്ങനെ ചെയ്തത്. നമ്മൾ എല്ലാംകൂടി ഒരു കോംപ്രമൈസ് ഉണ്ടാക്കിയതാണ്. അവരുടെ റിപ്പോർട്ട് 15-ാം തീയതി കിട്ടിക്കഴിഞ്ഞാൽ ഫണ്ട്സ് അവിടെയുണ്ട്. കെട്ടിടം കെട്ടുന്നതിന് കോൺട്രാക്ടറെ ഏൽപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ അതിന്റെ ബേസിസിൽ- ജൂലായ് 15-ാം തീയതി തരാമെന്നാണ് പറഞ്ഞിരിക്കുന്നത്. ജല വിനിയോഗ വികസന കേന്ദ്രത്തിലെ ശാസ്ത്രജ്ഞനെ ഏൽപ്പിച്ചപ്പോൾ കുറേക്കാലം വച്ചിരുന്നിട്ട് ഒടുവിൽ അദ്ദേഹം ഒഴിഞ്ഞുമാറുകയായിരുന്നു. അതുകൊണ്ടാണ് ഈ താമസം വന്നത്. ഏതായാലും 15-ാം തീയതി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ നമുക്ക് വളരെ വേഗത്തിൽ നടത്താൻ കഴിയും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് പ്രകൃതിക്ക് എതിരാണെന്ന് പറഞ്ഞാൽ എന്ത് ചെയ്യും? അപ്പോൾ സ്ഥലം മാറ്റിയാലേ സാധിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അപ്പോൾ ഗവൺമെന്റിന് സ്ഥലം മാറ്റാൻ തന്നെയാണോ ഉദ്ദേശം?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റിന് അങ്ങനെ ഒരു ഉദ്ദേശവുമില്ല. ഞാൻ പറയുന്നത് അവിടെത്തന്നെ നടത്തണമെന്നാണ്. നമ്മൾ രണ്ടാളുംകൂടി ചേർന്ന് പരിസ്ഥിതിയുടേത് നോക്കാൻ ഒരാളിനെ ഏൽപ്പിച്ചില്ലേ അദ്ദേഹം ജൂലായ് 15-ാം തീയതി റിപ്പോർട്ട് തരാമെന്ന് പറഞ്ഞിരിക്കുകയാണ്.

(6) റബ്ബർത്തടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് നിലനിൽക്കുന്ന നിയന്ത്രണം പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ 9 ലക്ഷം കൃഷിക്കാരും 3 ലക്ഷത്തോളം തൊഴിലാളികളും ബന്ധപ്പെട്ട് ജീവിച്ചുവരുന്ന റബ്ബർ കൃഷിമേഖലയുടെ തകർച്ച പലപ്രാവശ്യം ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. വിലയിടിവുകൊണ്ട് തകർന്നുകൊണ്ടിരിക്കുന്ന ഈ മേഖലയെ സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് എടുത്ത ആശ്വാസനടപടികളുടെ വളരെ ചെറിയ ശതമാനം മാത്രമേ കൃഷിക്കാർക്ക് ലഭിക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ റബ്ബർ തടി വിൽക്കാം എന്നു വിചാരിച്ചാൽ അതിനും തീരെ വിലയില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. അതിന് പ്രധാന കാരണം അന്യസംസ്ഥാനങ്ങളിലേയ്ക്ക് തടി കൊണ്ടുപോകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന ചില വ്യവസായങ്ങളുടെ നിലനിൽപ്പിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു നിയന്ത്രണം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. മേൽപ്പറഞ്ഞ വ്യവസായങ്ങളിൽ എല്ലാം കൂടി ആകെ മുവായിരത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇവർക്കായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ നിന്ന് 20 ശതമാനം മരം മാറ്റിവച്ചാൽ ഈ വ്യവസായങ്ങൾക്കാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ തടി ലഭിക്കും. അത് പരിഗണിക്കുന്നതിന് പകരം 12 ലക്ഷത്തോളം കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനമാണ് ഇപ്പോൾ നില നിൽക്കുന്നത്. ആയതിനാൽ നിയന്ത്രണം മാറ്റി റബ്ബർത്തടി അന്യ സംസ്ഥാന ങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ആക്ടിലെ 21-ാം വകുപ്പ്, (എ) ഖണ്ഡം മൂലം നൽകപ്പെട്ട അധികാരങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ വനോൽപ്പന്നാധിഷ്ഠിത വ്യവസായങ്ങൾക്ക് തടി ലഭ്യമാക്കു ന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടാതിരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി പാക്കിംഗ് കേയ്സ് വിഭാഗത്തിൽപ്പെട്ട റബ്ബർത്തടിയെ അവശ്യസാധന നിയ ന്ത്രണ നിയമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് 1992 ജൂലായ് 23-ാം തീയതിയാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ, റബ്ബറിന്റെ അഭൂതപൂർവ്വമായ വിലയിടിവിനെത്തുടർന്ന് കൃഷിക്കാർ റബ്ബർ ടാപ്പിംഗ് നിറുത്തിവയ്ക്കുന്ന പ്രവ ണതയും പകരം റബ്ബർ മുറിച്ച് വില്ക്കുന്ന പ്രവണതയും ഏറിവരികയാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോയി ന്യായമായ വിലയ്ക്കു വില്ക്കുന്നതിന് ഈ നിയന്ത്രണത്തിൽ അയവ് വരുത്തണമെന്ന് കൃഷിക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് കൊണ്ടുപോകുന്നത് ദോഷമാണെന്ന് വ്യവസായികളും പറയുന്നു. ഇത് രണ്ടും പരിശോധിച്ച് ഇപ്പോൾ ഒരു അസെ സ്സ്മെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. എത്ര തടി നമ്മുടെ വ്യവസായ ത്തിന്റെ ആവശ്യത്തിന് വേണ്ടിവരുമെന്നുള്ളത് സംബന്ധിച്ച് രണ്ടുമൂന്ന് ദിവസ ത്തിനകം റിപ്പോർട്ട് കിട്ടും. കൃഷിക്കാർ ഇത് മുറിച്ച് കളയുന്നത് സ്ഥിരമായി നിലനിർത്താൻ കഴിയുന്ന ഒരു കാര്യമല്ല. താല്ക്കാലികമായി ഇപ്പോഴത്തെ പ്രതിസന്ധികൊണ്ട് മുറിച്ച് വില്ക്കുന്നതാണ്. അതുകൊണ്ട് താല്ക്കാലിക മായി എങ്ങനെ ഇതിന് പരിഹാരം കാണാൻ കഴിയുമെന്ന് പരിശോധിക്കാവു ന്നതാണ്. അയവ് വരുത്തുകയോ അല്ലെങ്കിൽ അതിൽ എന്ത് ചെയ്യാൻ കഴിയു മെന്നുള്ള കാര്യം പരിശോധിച്ച് അതിവേഗത്തിൽ തീരുമാനമെടുക്കും.

(7) എൻ.ടി.സി. മില്ലുകളെ പുനരുദ്ധാരണ പദ്ധതിയിൽനിന്നും ഒഴിവാക്കാൻ നീക്കം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ടെക്സ്റ്റൈൽ വ്യവസായ നവീക രണത്തിന് കേന്ദ്രം പ്രഖ്യാപിച്ച 25,000 കോടി രൂപയുടെ സഹായപദ്ധതി യിൽനിന്ന് പൊതുമേഖലാസ്ഥാപനമായ ടെക്സ്റ്റൈൽ കോർപ്പറേഷനെ ഒഴി വാക്കാൻ നീക്കം നടക്കുകയാണ്. 6000 കോടിയിൽ അധികം രൂപ നഷ്ടം മുള്ള എൻ.ടി.സി.മില്ലുകളെ പൂർണ്ണമായി തഴയുകയാണ് ഈ തീരുമാനത്തിന് പിന്നിലുള്ളത്. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് എന്ന പേരിലാണ് പുനരു ദ്ധാരണത്തിനുള്ള സഹായം നല്കുന്നത്. സഹായധനം പൂർണ്ണമായി കയറ്റുമതി ലക്ഷ്യമിട്ടുള്ള മില്ലുകൾക്കാണ് ലഭിക്കുന്നത്. ഇത്തരം സ്ഥാപനങ്ങ ളിൽ ഭൂരിഭാഗവും ഉത്തരേന്ത്യയിലാണ്. അവിടെയുള്ള സ്വകാര്യമിൽ ഉടമക ളുടെ പ്രേരണയ്ക്ക് വഴങ്ങിയാണ് കേന്ദ്ര ഗവണ്മെന്റ് ഈ തീരുമാനമെടുത്തിട്ടു ള്ളത്. കേരളത്തിലെ 6 എൻ.ടി.സി.മില്ലുകളിൽ 5 എണ്ണവും ലാഭത്തിലാക്കാൻ കഴിയുമെന്ന് സർക്കാർ നിയോഗിച്ച ഒരു കമ്മിഷൻ കണ്ടെത്തിയിട്ടുണ്ട്. എൻ. ടി.സി.മില്ലുകളെ സഹായപദ്ധതിയിൽനിന്ന് ഒഴിവാക്കിയത് പൊതുമേഖലാമി ല്ലുകളെ തകർക്കാൻവേണ്ടിയാണ്. കേരളത്തിലെ എൻ.ടി.സി.മില്ലുകൾ പുനരു ദ്ധാരണഫണ്ട് ലഭിക്കാതെ അടച്ചുപൂട്ടും. ആയിരക്കണക്കിന് തൊഴിലാളികൾ തെരുവാധാരമാകും. ഇന്ന് തലസ്ഥാനനഗരിയിലെ പൊതുമേഖലാസ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly